## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2238** **04.11.2019 - ൽ മറുപടിക്ക്.**

## റേഷൻകടകളുടെ നവീകരണവും വൈവിദ്ധ്യവൽക്കരണവും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ റേഷൻകടകളുടെ നവീകരണത്തിനായും അവയുടെ വൈവിദ്ധ്യവൽക്കരണങ്ങൾക്കും ഉപഭോക്താക്കൾക്കു റേഷൻ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും, ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും, മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു.<br><br>റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.<br>1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു<br>2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിച്ചു.<br>3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്തു.<br>4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു.<br><br>റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാകുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം |

ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നുണ്ട്.

റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്.

**(ബി)** സംസ്ഥാനത്ത് മൊത്തം എത്ര റേഷൻ കടകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം നവീകരിച്ചുവെന്നും ഇതിനായി എന്തുചെലവ് വേണ്ടിവന്നു വെന്നും വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്ത് നിലവിലുള്ള 14295 റേഷൻകടകളിൽ അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർനിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യം ഇല്ല എന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻകടകൾ ഒഴികെയുള്ള 13029 റേഷൻകടകൾ നവീകരിച്ചിട്ടുണ്ട്. ഒരു റേഷൻകടയ്ക്ക് 2500/- രൂപ എന്ന നിരക്കിൽ 3,25,72,500/- രൂപ (മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**(സി)** ഇതിനായി എന്തെല്ലാം കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എന്തെല്ലാം ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ;

**(സി)** കേന്ദ്രസർക്കാരിൽ നിന്നും സഹായങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**(ഡി)** ഈ സർക്കാർ കാലയളവിൽ വിവിധ കുറ്റകൃത്യങ്ങൾ നടത്തിയ എത്ര റേഷൻകടകൾ കണ്ടെത്തിയിട്ടുണ്ട്; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; എത്ര കടയുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**(ഡി)** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | കുറ്റകൃത്യങ്ങൾ കണ്ടെത്തിയ കടകളുടെ എണ്ണം | താല്ക്കാലികമായി റദ്ദ് ചെയ്തത് | സ്ഥിരമായി റദ്ദ് ചെയ്തത് |
|---|---|---|---|
| തിരുവനന്തപുരം | 1862 | 176 | 1 |
| കൊല്ലം | 987 | 64 | 0 |
| പത്തനംതിട്ട | 567 | 45 | 2 |
| ആലപ്പുഴ | 1117 | 53 | 0 |
| കോട്ടയം | 758 | 50 | 0 |
| ഇടുക്കി | 628 | 0 | 4 |
| എറണാകുളം | 1254 | 63 | 12 |
| തൃശ്ശൂർ | 1040 | 66 | 6 |
| പാലക്കാട് | 944 | 63 | 0 |
| മലപ്പുറം | 1243 | 36 | 2 |
| കോഴിക്കോട് | 909 | 21 | 0 |
| വയനാട് | 318 | 5 | 1 |
| കണ്ണൂർ | 498 | 8 | 0 |
| കാസർഗോഡ് | 390 | 12 | 2 |
| **ആകെ** | **12515** | **662** | **30** |

ഇവർക്കെതിരെ കുറ്റകൃത്യങ്ങളുടെ ഗൗരവം കണക്കിലെടുത്ത് 1966 ലെ കേരള റേഷനിംഗ് ഓർഡർ അനുശാസിക്കും പ്രകാരമുളള നടപടികളായ ലൈസൻസ് റദ്ദാക്കൽ,പിഴ തുക ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**